**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - ലൈഫ് മിഷൻ - സംസ്ഥാനതല ഗുണഭോക്തൃ സംഗമം സംഘടിപ്പിക്കുന്നതിനായി 20 ലക്ഷം രൂപയിലധികരിക്കാത്ത തുക ചെലവഴിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശ സ്വയംഭരണ (ഡിബി) വകുപ്പ്**

സ.ഉ(സാ.ധാ) നം. 481/2020/ത.സ്വ.ഭ.വ തിരുവനന്തപുരം, തീയതി, 26.02.2020

പരാമർശം:- 1) 23.12.2019-ലെ 11-ാമത് ലൈഫ് മിഷൻ എസ്.എൽ.ഇ.സി തീരുമാനം നമ്പർ 6.

2) ലൈഫ് മിഷൻ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ 14.02.2020 - ലെ എൽ.എഫ് - 367/2017/ലൈഫ് നമ്പർ കത്ത്.

**ഉത്തരവ്**

ബഹു. മുഖ്യമന്ത്രി, മന്ത്രിമാർ, എം.എൽ.എമാർ, 1200 തദ്ദേസ്വയംഭരണ സ്ഥാപന അദ്ധ്യക്ഷന്മാർ, ജനപ്രതിനിധികൾ, ലൈഫ് മിഷൻ ഗുണഭോക്താക്കൾ തുടങ്ങിയവർ പങ്കെടുക്കുന്ന ലൈഫ് മിഷൻ സംസ്ഥാനതല കുടുംബസംഗമ പരിപാടി സംഘടിപ്പിക്കുന്നതിനും ഇതിലേക്ക് വേണ്ടിവരുന്ന തുക ലൈഫ് മിഷൻ ഫണ്ടിൽ നിന്നും ചെലവഴിക്കുന്നതിനും പരാമർശം (1) പ്രകാരം ലൈഫ് മിഷൻ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറെ ചുമതലപ്പെടുത്തുകയുണ്ടായി. ഇതിലേക്കായി ബഹു. ടൂറിസം, സഹകരണ വകുപ്പ് മന്ത്രി ചെയർമാനായും തിരുവനന്തപുരം ജില്ലാ പഞ്ചായത്ത് പ്രസിഡൻറ് ജനറൽ കൺവീനറായും ഉള്ള പ്രോഗ്രാം കമ്മിറ്റി തയ്യാറാക്കിയ 30 ലക്ഷം രൂപയുടെ എസ്റ്റിമേറ്റിൽ 20 ലക്ഷം രൂപ ലൈഫ് മിഷൻ ഫണ്ടിൽ നിന്നും ബാക്കി 10 ലക്ഷം രൂപ തിരുവനന്തപുരം ജില്ലയിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഫണ്ടിൽ നിന്നും ചെലവുചെയ്യുന്നതിനുമാണ് തീരുമാനിച്ചിട്ടുള്ളത് എന്നും ആയതിനാൽ ലൈഫ് മിഷൻ സംസ്ഥാനതല ഗുണഭോക്തൃസംഗമം നടത്തുന്നതിനുവേണ്ടി 20 ലക്ഷം രൂപയിൽ അധികരിക്കാത്ത തുക ലൈഫ് മിഷൻ അഡ്മിനിസ്ട്രേഷൻ ഫണ്ടിൽ നിന്നും ചെലവഴിക്കുന്നതിനുള്ള അനുമതി നൽകണമെന്ന് പരാമർശം (2) പ്രകാരം ലൈഫ് മിഷൻ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ അഭ്യർത്ഥിക്കുകയുണ്ടായി.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ച്‌ ലൈഫ് മിഷൻ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ ലഭ്യമാക്കിയ എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിൽ ലൈഫ് മിഷൻ അഡ്മിനിസ്ട്രേറ്റീവ് ഫണ്ടിൽ നിന്നും ലൈഫ് മിഷൻ സംസ്ഥാനതല ഗുണഭോക്തൃ സംഗമത്തിലേക്കായി

20 ലക്ഷം രൂപ നിലവിലുള്ള നിബന്ധനകൾക്ക് വിധേയമായി ചെലവഴിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**പാറ്റ്സി സ്റ്റീഫൻ**
**ജോയിന്റ് സെക്രട്ടറി**

ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, ലൈഫ് മിഷൻ.
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസർ, തിരുവനന്തപുരം.
തിരുവനന്തപുരം ജില്ലാ പഞ്ചായത്ത് പ്രസിഡന്റ്.
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരളം തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരളം, തിരുവനന്തപുരം.
കരുതൽ ഫയൽ/ ഓഫീസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ